

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 7. പതിനൊന്നാംവകുപ്പും സംവരണവും

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

7 പതിനൊന്നാംവകുപ്പും സംവരണവും . . . . . . . . . 1

# 7

# പതിനൊന്നാംവകുപ്പും സംവരണവും

കമ്യൂണിസ്റ്റ് ഭരണകാലത്ത് കേരളനിയമസഭ ഭൂരിപക്ഷത്തോടെ പാസ്സാക്കിയതും സുപ്രീം കോടതിയുടെ നിയമാനുമതിയും കേന്ദ്രഗവൺമെൻറിന്റെ അംഗീകരണവും നേടിക്കഴിഞ്ഞതുമായ വിദ്യാഭ്യാസനിയമത്തിലെ പതിനൊന്നാം വകുപ്പ് സസ്പെൻഡ് ചെയ്തുകൊണ്ട് മെയ് 31-ാംനു ഗവർണ്ണർ ഒരോർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു. അങ്ങിനെ; ജനാധിപത്യത്തോടും നിയമവാഴ്ചയോടും തങ്ങൾക്കെത്രത്തോളം കൂറുണ്ടെന്ന് ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള 'സങ്കര' ഭരണം ഒരിക്കൽക്കൂടി വ്യക്തമാക്കിയിരിക്കുന്നു.

പതിനൊന്നാം വകുപ്പു സംബന്ധിച്ച് ഒട്ടേറെ തർക്കങ്ങളുണ്ടായിട്ടുണ്ടെന്നും ബന്ധപ്പെട്ട എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായ ഭേദഗതികളുണ്ടാക്കാൻ വേണ്ടിയാണ് അതു തൽക്കാലം നിറുത്തിവെച്ചത് എന്നുമാണ് ഗവൺമെൻറുവക്താക്കൾ പറയുന്നത്. തർക്കവിഷയങ്ങൾക്ക് കൂടിയാലോചനകളിലൂടെ പരിഹാരം കാണാനുള്ള ഏതു ശ്രമവും സ്വാഗതാർഹമാണ്. പക്ഷേ, 11-ാം വകുപ്പ് നീട്ടിവെച്ചത് യഥാർത്ഥത്തിൽ, അതിനുവേണ്ടിത്തന്നെയാണോ? അതോ, ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിയോ?

അദ്ധ്യാപകരുടേയും പിന്നോക്കസമുദായക്കാരുടേയും താല്പര്യങ്ങളെ കാത്തുരക്ഷിക്കുന്ന ഒരു നിയമനിർമ്മാണനടപടി തർക്കവിഷയമായിത്തീരുന്നതിൽ അത്ഭുതമൊന്നുമില്ല. പൊതുഖജാനയിലെ പണംകൊണ്ടു നടത്തപ്പെടുന്ന പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകനിയമനത്തിൽ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയന്ത്രണം ചെലുത്താൻ തുടങ്ങിയാൽ കോഴയും കൈക്കൂലിയും വാങ്ങി കൊള്ളലാഭമുണ്ടാക്കാനും അദ്ധ്യാപകരെ അടിമകളെപ്പോലെ നിലനിറുത്തുവാനും മാനേജർമാർക്കുള്ള 'മൌലികാവകാശ'ത്തിനു ഉടവ് തട്ടും. വിദ്യാഭ്യാസക്കച്ചവടം കുത്തകയാക്കിവെച്ചിട്ടുള്ള മാനേജർമാർക്ക് ഇതെങ്ങിനെ സഹിക്കാൻ സാധിക്കും? സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും പിന്നണിയിൽ കിടക്കുന്ന അവശസമുദായക്കാർക്ക് സംരക്ഷണം നൽകിക്കൊണ്ട് അവരുടെ ഉന്നമനത്തിനു വഴി തെളിയിക്കുന്ന ഒരു വകുപ്പാണിത്. നൂറ്റാണ്ടുകളായി അധഃകൃതമായി കഴിഞ്ഞുകൂട്ടുന്ന അവശസമുദായക്കാരെ ചൂഷണം ചെയ്യാനും ചവിട്ടിത്തേക്കാനും ഉള്ള തങ്ങളുടെ 'മൌലികാവകാശ'ത്തിന് ഇതുമൂലം അല്പമൊരു കോട്ടം സംഭവിക്കുമെന്ന് മേലാളരായ പ്രമാണിമാരും മാടമ്പിമാരും ഭയപ്പെടുന്നു. അവരെങ്ങിനെ 11-ാം വകുപ്പിനെ അനുകൂലിക്കും?

പക്ഷേ, ഗവൺമെൻറ് ആരുടെ ഭാഗത്താണ്? അദ്ധ്യാപകരുടേയും അവശസമുദായക്കാരുടേയും താല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ അവർ തയ്യാറാവുമോ? "വിമോചനസമരം" തൊട്ടിങ്ങോട്ട് ഉണ്ടായ അനുഭവങ്ങൾ വെച്ചു നോക്കിയാലും ഇന്നത്തെ ഗവൺമെൻറിന്റെ ചുക്കാൻ പിടിക്കുന്നതാരൊക്കെയാണെന്നു പരിശോധിച്ചാലും, ഈ ചോദ്യത്തിന്ന് നിഷേധാത്മകമായ ഒരു മറുപടിയേ കിട്ടൂ. പക്ഷേ, ഉള്ളിലുള്ളതു തുറന്നു പറയാൻ ഗവൺമെൻറിന്റെ വക്താക്കൾക്കു ധൈര്യമില്ല. സത്യം തുറന്നു പറഞ്ഞാൽ തങ്ങളെ ഇന്നനുകൂലിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽനിന്നുതന്നെ ഒരു കൊടുങ്കാറ്റുയർന്നുവരുമെന്നവർക്കറിയാം. അങ്ങിനെ വന്നാൽ, ഉള്ളു പൊള്ളയായ തങ്ങളുടെ ഐക്യം പഞ്ചായത്തു തിരഞ്ഞെടുപ്പുവരെയെങ്കിലും തുടരാനുള്ള തങ്ങളുടെ ആഗ്രഹം തവിടുപൊടിയാകുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ടാണവർ വ്യക്തമായ തീരുമാനമൊന്നുമെടുക്കാതെ കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നത്.

പക്ഷെ, "സങ്കരമന്ത്രിസഭ"യുടെ ചുക്കാൻ പിടിക്കുന്ന സ്ഥാപിതതാല്പര്യക്കാർ നിശ്ശബ്ദരായിരിക്കുന്നില്ല. 11-ാം വകുപ്പ് നിശ്ശേഷം എടുത്തുമാറ്റണമെന്ന് അവർ മുറവിളികൂട്ടാൻ തുടങ്ങിയിരിക്കുന്നു. സംവരണമെന്ന തത്വത്തെത്തന്നെ കഴിച്ചുമൂടണമെന്ന് അവർ ഉച്ചൈസ്തരം പ്രഖ്യാപിക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ അന്യായമായ ചൂഷണാധികാരങ്ങളെ നിലനിർത്താൻവേണ്ടി ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ന്യായമായ താല്പര്യങ്ങളെ എതിർക്കാനാണവർ ഒരുമ്പെട്ടിട്ടുള്ളത്.

കേരളത്തിലെ ജനസംഖ്യയിൽ 75 ശതമാനവും പിന്നോക്ക സമുദായക്കാരാണ്. നാലുപേരിൽ മൂന്നുപേരും അവശസമുദായക്കാരാണ്. പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഉദ്യോഗനിയമനങ്ങളുടെ 50 ശതമാനം ഈ പിന്നോക്കസമുദായക്കാർക്കുവേണ്ടി സംവരണം ചെയ്യണമെന്നും ബാക്കിയുള്ള 50 ശതമാനം തുറന്ന മത്സരത്തിന്നുവേണ്ടി നീക്കിവെക്കണമെന്നുമാണ് ഇന്നത്തെ വ്യവസ്ഥ. ഈ വ്യവസ്ഥകൊണ്ട് ഉയർന്ന ജാതിക്കാരുടെ ന്യായമായ താല്പര്യങ്ങൾക്ക് യഥാർത്ഥത്തിൽ യാതൊരു ഹാനിയും തട്ടുന്നില്ല. എന്തുകൊണ്ടെന്നാൽ ജനസംഖ്യയുടെ 25 ശതമാനത്തോളം മാത്രം വരുന്ന അവർക്കു തുറന്ന മത്സരത്തിലൂടെ ഒട്ടാകെയുള്ള ഉദ്യോഗങ്ങളുടെ 50 ശതമാനവും കരസ്ഥമാക്കാൻ സാധിക്കും. പട്ടികജാതിക്കാർ, മുസ്ലിമിങ്ങൾ, ഈഴവർ, ലത്തീൻ കൃസ്ത്യാനികൾ, ആശാരി, മൂശാൻ, കൊല്ലൻ തുടങ്ങിയ അവശസമുദായക്കാർക്ക്, ഇന്നത്തെ സ്ഥിതിയിൽ, തങ്ങൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ഉദ്യോഗങ്ങൾക്കു പുറമെ തുറന്ന മത്സരത്തിലൂടെ ലഭിക്കാവുന്ന മറ്റ് ഉദ്യോഗങ്ങൾ നേടാനുള്ള സാദ്ധ്യത വളരെ വിരളമാണ്. ഉദാഹരണത്തിന്ന് ഹരിജനങ്ങൾ തുടങ്ങിയ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കൂടി 10 ശതമാനം ഉദ്യോഗങ്ങളാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അതായത്, കൊല്ലത്തിൽ 7000 അദ്ധ്യാപകന്മാരുടെ ഒഴിവുണ്ടെങ്കിൽ അതിൽ 700 ഉദ്യോഗങ്ങൾ അവർക്കു പ്രതീക്ഷിക്കാം. ഈ 700 ഉദ്യോഗങ്ങളെങ്കിലും നേടാൻ ആവശ്യമായ സാമൂഹ്യപരിതസ്ഥിതികളില്ലാതിരിക്കെ ബാക്കിയുള്ളതിൽനിന്നുകൂടി കുറച്ച് നേടാൻ അവർക്കു കഴിയുമോ? പക്ഷേ, 7000 ഉദ്യോഗങ്ങളിൽ 700 എണ്ണംപോലും ഹരിജനങ്ങൾക്കു നല്കാൻ പാടില്ലെന്നാണ് സംവരണവിരോധികൾ പറയുന്നത്. അവരുടെ ഹരിജന പ്രേമവും സമുദായനീതിയെക്കുറിച്ചുള്ള ബോധവും അത്ഭുതകരം തന്നെ.

ബ്രിട്ടീഷ് സാമ്രാജ്യവാദികളുടേയും ഫ്യൂഡൽ മാടമ്പിമാരുടേയും നൂറ്റാണ്ടു കാലത്തെ ഭരണത്തിന്റെ ഫലമായി നമ്മുടെനാട്ടിൽ ഇന്നും തുടർന്നുവരുന്ന ഉച്ചനീചത്വങ്ങളവസാനിക്കണമെങ്കിൽ 'താഴ്ന്ന' ജാതിക്കാർക്ക് ഉദ്യോഗങ്ങളിലും മറ്റും അവരർഹിക്കുന്ന സ്ഥാനം നല്കിയേ പറ്റൂ.

പിന്നണിയിൽ കിടക്കുന്ന ഭൂരിപക്ഷക്കാരായ ഈ ജനവിഭാഗങ്ങളുടെ ഉന്നമനം ദേശീയാഭിവൃദ്ധിക്കൊഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അതുകൊണ്ടു സംവരണത്തെ എതിർക്കുന്നവർ വാസ്തവത്തിൽ ദേശീയാഭിവൃദ്ധിയെയാണെതിർക്കുന്നത്. സംവരണം സാമുദായികവാദമാണെന്നും ദേശീയത്വത്തിന്നെതിരാണെന്നും മറ്റുമുള്ള അവരുടെ വാദങ്ങൾ സ്വന്തം ചൂഷണാസക്തിയെ മറച്ചുപിടിക്കാനുള്ള അടവുകൾമാത്രമാണ് അവർ യഥാർത്ഥമായ ദേശീയത്വത്തിന്റെ ശത്രുക്കളാണ്.

സമുദായപ്രാതിനിധ്യതത്വമനുസരിച്ചുള്ള സംവരണത്തെ മാത്രമാണ് തങ്ങളെതിർക്കുന്നതെന്നും സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണത്തിന്ന് തങ്ങളെതിരല്ലെന്നുമുള്ള പുതിയൊരു തട്ടിപ്പ് സംവരണവിരോധികൾ ഇറക്കിയിട്ടുണ്ട്. ഉശിരുണ്ടെങ്കിൽ, സമുദായപ്രാതിനിധ്യത്തിന്റെ സ്ഥാനത്ത് സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണം ഏർപ്പെടുത്തത്തക്കവിധം ഭരണഘടന ഭേദഗതി ചെയ്യണമെന്ന് അവരാവശ്യപ്പെടട്ടെ, ഇന്ത്യയിലുള്ള എല്ലാ ഉദ്യോഗങ്ങളുടേയും 50 ശതമാനം തൊഴിലാളികൾ, കാർഷികതൊഴിലാളികൾ, പാവപ്പെട്ട കൃഷിക്കാർ തുടങ്ങിയ സാമ്പത്തികവർഗ്ഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യണമെന്നും ബാക്കിയുള്ള 50 ശതമാനം ജന്മികൾ, മുതലാളികൾ തുടങ്ങിയ എല്ലാ വർഗ്ഗക്കാർക്കും തുറന്ന മത്സരത്തിന്നുവേണ്ടി നീക്കിവെക്കണമെന്നും വാദിക്കാൻ അവർ തയ്യാറുണ്ടോ? ഐ. ഏ. എസ്, ഐ. പി. എസ്, സിക്രട്ടറിമാർ ഡയറക്ടർമാർ, ഗവർണ്ണർമാർ, സൈന്യത്തലവന്മാർ മുതലായ എല്ലാ ഉദ്യോഗങ്ങളിലും, തൊഴിലാളികൾ, കാർഷികതൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ സാമ്പത്തികവർഗ്ഗങ്ങൾക്ക് തക്കതായ പ്രാതിനിദ്ധ്യം നൽകണമെന്ന് അവർ വാദിക്കുമോ? വാദിക്കുമെങ്കിൽ ഞങ്ങളവർക്ക് സർവ്വവിധ പിന്തുണയും നൽകാം.

പക്ഷേ, ഹിംസ്രമൃഗങ്ങൾ പെട്ടെന്നൊരു മുഹൂർത്തത്തിൽ സസ്യഭുക്കുകളായി മാറുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ജന്മികളുടേയും മുതലാളികളുടേയും ഭരണകൂടം തൊഴിലാളികൾക്കും കൃഷിക്കാർക്കും ഭരണത്തിൽ പങ്കു നൽകാൻ തയ്യാറാകുമെന്നു ഞങ്ങൾ കരുതുന്നില്ല. അതുകൊണ്ടാണ് ഇന്നു നിലവിലുള്ള സംവരണവ്യവസ്ഥ കുറേക്കാലത്തേക്കുകൂടി തുടരണമെന്ന് ഞങ്ങളാവശ്യപ്പെടുന്നത്.

സംവരണം തുടർന്നാൽ, നായന്മാർ, നമ്പൂതിരിമാർ തുടങ്ങിയ 'ഉയർന്ന' സമുദായങ്ങളിലെ പാവപ്പെട്ട വിഭാഗക്കാർക്ക് ഉദ്യോഗങ്ങൾ കിട്ടുന്നതു കുറയുമെന്നും 'ഉയർന്നജാതി'യിൽ ജനിച്ചു എന്നതുകൊണ്ടുമാത്രം പാവപ്പെട്ട ഒരാൾക്ക് ഉദ്യോഗം നിഷേധിക്കുന്നത് അനീതിയാണെന്നും മറ്റും വാദിച്ചുകൊണ്ടാണ് സ്ഥാപിതതാല്പര്യക്കാർ സാമുദായികമത്സരങ്ങൾ ആളിക്കത്തിക്കാൻ ശ്രമിക്കുന്നത്. നായന്മാർ, നമ്പൂതിരിമാർ തുടങ്ങിയ ഉയർന്ന സമുദായങ്ങളിലെ നിർദ്ധനരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗങ്ങൾ കിട്ടുന്നില്ലെന്നുള്ളതു ശരിയാണ്. എന്നാൽ, സംവരണംകൊണ്ട് നേട്ടമുണ്ടാകുന്ന സമുദായങ്ങളിലും ജോലിയില്ലാതെ വിഷമിക്കുന്നവർ ലക്ഷക്കണക്കിലുണ്ടെന്ന കാര്യം വിസ്മരിക്കരുത്. വാസ്തവത്തിൽ സംവരണമല്ല, മുതലാളിത്തവ്യവസ്ഥയാണ് തൊഴിലില്ലായ്മയുടെ കാരണം. മുതലാളിത്തവ്യവസ്ഥയവസാനിപ്പിച്ച് എല്ലാ ഉൽപ്പാദനോപകരണങ്ങളേയും പൊതുവുടമയിലാക്കിക്കൊണ്ടുള്ള സോഷ്യലിസം സ്ഥാപിച്ചാൽ മാത്രമേ എല്ലാ സമുദായങ്ങളിലുമുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യമായ തൊഴിൽസൗകര്യങ്ങൾ ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് സോഷ്യലിസത്തിന്നുവേണ്ടി ഞങ്ങൾ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ടിരിക്കുന്നത്.

പക്ഷേ, നാളെ സോഷ്യലിസം വരണമെങ്കിൽ ഇന്ന് പിന്നണിയിൽ കിടക്കുന്ന അവശസമുദായങ്ങളുടെ ഉന്നമനം ആവശ്യമാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും അവശസമുദായങ്ങളിൽ പെട്ടവരാണ്. അതുകൊണ്ട് ഇന്നു നിലവിലുള്ള സംവരണവ്യവസ്ഥ തുടരണമെന്ന് സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരെല്ലാം ശക്തിയായി ആവശ്യപ്പെടേണ്ടിയിരിക്കുന്നു. സംവരണവിരോധികളെ നിലക്കുനിറുത്താൻ പറ്റിയ സുശക്തമായ ഒരു പ്രക്ഷോഭം ഇന്നു കൂടിയേ കഴിയൂ.

നവയുഗം 11. 6. 1960

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014